# കേരളസർവകലാശാല

നം.പി.ആർ.271/2021

## പത്രക്കുറിപ്പ്

### പിഎച്ച്.ഡി. ഓൺലൈൻ രജിസ്ട്രേഷൻ

കേരളസർവകലാശാല 2022 ജനുവരി 1 മുതൽ 15 വരെ നടത്താനിരിക്കുന്ന പിഎച്ച്.ഡി. ഓൺലൈൻ രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുവാൻ താൽപ്പര്യമുളളവർക്ക് റിസർച്ച് പോർട്ടലിൽ അവരവരുടെ പ്രൊഫൈൽ രൂപീകരിക്കാനുളള അവസരം നൽകുന്നതാണ്. 2021 ഡിസംബറിൽ നടന്ന പിഎച്ച്.ഡി. എൻട്രൻസ് പരീക്ഷക്കായി പ്രൊഫൈൽ രൂപീകരിച്ചവർ വീണ്ടും പ്രൊഫൈൽ രൂപീകരിക്കേണ്ടതില്ല. വിശദവിവരങ്ങൾ റിസർച്ച് പോർട്ടലിൽ നിന്നും ലഭ്യമാണ്.

### വൈവ വോസി

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ എം.എ. സോഷ്യോളജി (2016 അഡ്മിഷൻ – പ്രൈവറ്റ് രജിസ്ട്രേഷൻ സപ്ലിമെന്ററി) പരീക്ഷയുടെ വൈവ വോസി ഡിസംബർ 29 ന് രാവിലെ 10.30 ന് കാര്യവട്ടം സോഷ്യോളജി ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.എസ്സി., ബി.കോം. ഡിഗ്രി (മേഴ്സിചാൻസ് – 2010, 2011 & 2012 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2022 ജനുവരി 3 വരെയും 150 രൂപ പിഴയോടെ ജനുവരി 6 വരെയും 400 രൂപ പിഴയോടെ ജനുവരി 10 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
27.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**